പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1555

03-10-2011-ൽ മറുപടിയ്ക്ക്

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| എ) മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള സർവ്വീസ് ഡിപ്പാർട്ട്മെൻറായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ: | എ) മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനങ്ങൾ രൂപകല്പന തുടങ്ങിയവ മുതൽ നിർമ്മാണം വരെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് നടപ്പിലാക്കി വരുന്നു. കൂടാതെ ഫിഷിംഗ് ഹാർബർ, ഫിഷ്ലാൻറിംഗ് സെൻററുകളുടെ നിർമ്മാണവും അറ്റകുറ്റ പണികളും, തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, തീരദേശ പാലങ്ങളുടെ നിർമ്മാണം, ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ നിർമ്മാണം, തീരദേശ കുടിവെള്ള പദ്ധതികൾ, ഫിഷ്ഫാമുകൾ, ഹാച്ചറികൾ, സുനാമി പുനരധിവാസ പദ്ധതികൾ, മൈനർ പോർട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും തീരദേശമേഖലയിലെ ടൂറിസം പ്രവൃത്തികൾ എന്നിവയും ഈ വകുപ്പു മുഖേന നടപ്പാക്കി വരുന്നു. |
| ബി) വിദേശ രാജ്യങ്ങളിലെ ഹാർബറുകളുടെ നിർമ്മാണം പോലും ഏറ്റെടുത്തു നടത്തുവാനുള്ള പ്രാഗത്ഭ്യം ഉണ്ട് എന്നു വിലയിരുത്തി അതിനുയോഗ്യതയുള്ള ഏജൻസിയായി ഗവൺമെൻറ് ഓഫ് ഇന്ത്യ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ നോട്ടിഫൈ ചെയ്തിട്ടുണ്ടോ; | ബി) ഇല്ല. |
| സി) ഏതെങ്കിലും വിദേശ രാജ്യങ്ങളിലെ ഹാർബർ നിർമ്മാണം ഏറ്റെടുത്തു നടത്താൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കരാർ ഒപ്പുവയ്ക്കുകയുണ്ടായി ട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) ഇല്ല. എന്നാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് ഹാർബർ നിർമ്മാണത്തിനുള്ള കൺസൾട്ടൻറായി കരാർ വച്ചിട്ടുണ്ട്. |
| ഡി) കേരളത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ മാരിടൈം ബോർഡിൽ ലയിപ്പിക്കുവാൻ ആലോചനയുണ്ടോയെന്നും അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടിക്രമവും വ്യക്തമാക്കുമോ ? | ഡി) 03.08.2011-ലെ ബഹു. തുറമുഖ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാന പ്രകാരം മാരിടൈംബോർഡിൽ ലയിപ്പിക്കുന്നതിൽ നിന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ